## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4489**    **25.10.2016 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പരിപാടി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>" പുരുഷൻ കടലുണ്ടി<br>" കെ. ഡി. പ്രസേനൻ<br>" ഡി.കെ. മുരളി | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി പൂർത്തിയായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കെ. എസ്. ഇ. ബി പൂർത്തീകരിച്ച സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.<br><br>അനെർട്ടിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് പൂർത്തീകരിച്ച സൗരോർജ്ജ പവർപ്ലാന്റിന്റെ വിശദവിവരങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു. കൂടാതെ സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 10000 സൗരഗൃഹ പദ്ധതി. 10 മെഗാവാട്ട് വികേന്ദ്രീകൃതമായി സംസ്ഥാനത്തെ വിവിധ കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സ്ഥാപിച്ചത് വഴി ഇതുവരെ 9900 ത്തോളം പവർപ്ലാന്റുകൾ പൂർത്തിയാക്കുകയും ഈ പദ്ധതി മുഖേന 9.9 മെഗാവാട്ടിന്റെ വർദ്ധനവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | കെ. എസ്. ഇ. ബി.യുടെ കെട്ടിടങ്ങളുടെയും മറ്റ് വിവിധ സർക്കാർ കെട്ടിടങ്ങളുടെയും മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ഓഫീസുകൾ, സ്കൂളുകൾ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന ഓഫീസുകൾ, ഹോസ്പിറ്റലുകൾ, തരിശ് ഭൂമി എന്നിവയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിന് 20.33 മെഗാവാട്ടിന്റെ പദ്ധതിയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. കൂടാതെ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകൾ മറ്റ് ഓഫീസുകൾ ഇവയുടെ മേൽക്കൂരയിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള 21 മെഗാവാട്ടിന്റെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു. ലാഭപ്രഭയിൽ സമ്മാനാർഹമായ 8 സ്കൂളുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്ന നടപടി |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എല്ലിന്റെ പതിനേഴ് കെട്ടിടങ്ങളുടെ മുകളിൽ 0.665 മെഗാവാട്ട് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചു കഴിഞ്ഞു. കെ.എസ്.ഇ.ബി.എല്ലിന്റെ തന്നെ 39 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ കെ.എസ്.ഇ.ബി. എല്ലിന്റെ മറ്റ് 49 കെട്ടിടങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടി പുരോഗമിക്കുന്നു.<br>സൗരോർജ്ജ പവർപ്ലാന്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ 110 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പ്ലാന്റുകൾ 2012-13 സാമ്പത്തിക വർഷം ഗവണ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലായി, സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ വിതരണ ശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിലൂടെ സംസ്ഥാനത്തെ സൗരവൈദ്യുതോത്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനു ഗ്രീൻ കേരള ക്യാമ്പേനിന്റെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇതനുസരിച്ച് സംസ്ഥാന റവന്യു വകുപ്പിനു കീഴിലുള്ള വിവിധ കെട്ടിടങ്ങളിൽ അനെർട്ട് നടത്തിയ പ്രാഥമിക പഠനം കാണിക്കുന്നത് സിവിൽ സ്റ്റേഷനുകൾ, മിനി സിവിൽ സ്റ്റേഷനുകൾ തുടങ്ങിയയിടങ്ങളിൽ നിന്ന് നാല് മെഗാവാട്ട് സൗരവൈദ്യുതോത്പാദനം സാധ്യമാകുമെന്നാണ്. തദ്ദേശഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങളിലെ സൗരവൈദ്യുതോത്പാദന സാധ്യത പഠിക്കാൻ സി-ഡിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്വന്തം കെട്ടിടങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലുമായി അമ്പതു മെഗാവാട്ട് സൗരവൈദ്യുതോത്പാദനം കൂടി സാധ്യമായേക്കും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കാസർഗോഡ് സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ട് നിലയം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന 200 മെഗാവാട്ട് കാസർഗോഡ് സൗരോർജ്ജ പാർക്കിന്റെ ആദ്യ ഘട്ടമായ 50 മെഗാവാട്ടിന്റെ നിലയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ഏറ്റെടുത്തിട്ടുണ്ട്.<br><u>നിലവിലുള്ള പദ്ധതിയുടെ പുരോഗതി.</u><br>1.സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖകൾ പ്രകാരം കെ.എസ്.ഇ.ബി.യും കേന്ദ്ര |

| | | |
|---|---|---|
| | | പൊതുമേഖലാ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (SECI) യുമായി ചേർന്ന് ഒരു സംയുക്ത സംരംഭസ്ഥാപനം തുടങ്ങുവാനായി സർക്കാർ അനുമതി നൽകുകയും 15.01.2016-ന് കമ്പനി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റിന്യൂവബിൾ പവർ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിലുള്ള കമ്പനി 04.03.2016 മുതൽ കാസർഗോഡ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി കമ്പനിയുടെ മേൽ നോട്ടത്തിൽ പദ്ധതി നിർമ്മാണം പുരോഗമിക്കുന്നു.<br>2.ഇന്ത്യൻ റിന്യൂവബിൾ എനർജി ഡവലപ്പ്മെന്റ് ഏജൻസി (IREDA) മുഖേന സ്ഥാപിക്കുന്ന 50 മെഗാവാട്ട് സൗരോർജ്ജ പദ്ധതിയുടെ നിർമ്മാണം കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ പുരോഗമിക്കുന്നു. മൊത്തം സ്ഥാപിത ശേഷിയായ 50 മെഗാവാട്ട് 31.12.2016-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്.<br>3.സർക്കാർ കണ്ടെത്തിയിട്ടുള്ള 1086.6587 ഏക്കറിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് റവന്യൂ വകുപ്പിന്റെ സർവ്വെ നടപടികൾ പൂർത്തിയാക്കി 1086.6589 ഏക്കർ ഭൂമി ഏറ്റെടുക്കൽ ജൂലൈ മാസം 2016-ൽ പൂർത്തിയാക്കിയിട്ടുണ്ട്.<br>4.കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കിൽ നിന്നുള്ള വൈദ്യുതി പ്രസരണത്തിന് വേണ്ടിയുള്ള 220/33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. ടി സബ്സ്റ്റേഷൻ 31.12.2016ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ആഫീസർ